ഉത്തരം

(എ-ഡി) ജില്ലാതല നിയമനങ്ങളിൽ അതാത് ജില്ലകളിലുള്ള ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്ന KS & SSR- ലെ ചട്ടം 5 A, WP(c) 28055/10-ലും അനുബന്ധ ഹർജികളിന്മേലുമുള്ള 18-1-2012-ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ അപ്പീൽ (റിട്ട് അപ്പീൽ W.A 1811/2013, 719/2014) ഫയൽ ചെയ്തിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് തസ്തിക പി.എസ്.സി. അപേക്ഷ

75 (1941) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിലുള്ള ആശുപത്രികളിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ എത്ര ഒഴിവുകളിലേക്കാണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിരുന്നത് ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ സെക്രട്ടേറിയറ്റ്/പി.എസ്.സി/ എൽ.എഫ്.എ.ഡി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

76 (1942) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ്/പി.എസ്.സി./എൽ.എഫ്.എ.ഡി. എന്നിവിടങ്ങളിലേയ്ക്കുള്ള നിയമനത്തിനായി 8-4-2013-ൽ നിലവിൽ വന്ന പബ്ലിക് സർവീസ് കമ്മീഷന്റെ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം നാമമാത്രമായി മാത്രമേ നടക്കുന്നുള്ളുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വകുപ്പുകളിലേക്കുള്ള നിയമനത്തിനായി മുൻ റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒരു വർഷം മാത്രം 40-നും 500-നും ഇടയിൽ നിയമനം നടന്നപ്പോൾ നിലവിലെ ലിസ്റ്റിൽനിന്നും രണ്ട് വർഷം കൊണ്ട് 200-ൽ പരം നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളുവെന്ന കാര്യം പരിശോധിക്കുമോ ;

(സി) വർഷാവർഷം സർവ്വീസിൽനിന്നും വിരമിക്കുന്നവരുടെ എണ്ണത്തിൽ വലിയ വ്യത്യാസമില്ലെന്നിരിക്കെ നിയമനത്തിൽ വന്ന ഈ കുറവ് ഫലത്തിൽ അപ്രഖ്യാപിത നിയമനനിരോധനം ആകുന്നില്ലേ എന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള സെക്രട്ടേറിയറ്റ്/പി.എസ്.സി./എൽ.എഫ്.എ.ഡി. റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ കാലയളവിൽ ഉണ്ടായ ഒഴിവുകളിലേക്ക് നിയമനം നടത്തിയിട്ടുണ്ട്.

(ബി-ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്കാണ് പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുന്നത്. ഈ കാലയളവിലുണ്ടായ ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തിയിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

77 (1943) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.സി. തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ; പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 18-10-2012-ലാണ്. ടി ലിസ്റ്റിൽനിന്നും നാളിതുവരെ 451 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് നിയമനം

78 (1944) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുവരെ നിയമനം നടത്തിയത് സംബന്ധിച്ച് സംവരണം തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.